"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം -ശ്രീമതി. ഹേമലത. സി.കെ (സെക്ഷൻ ഓഫീസർ, പൊതുഭരണവകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്)- മലപ്പുറം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.957/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/05/2020

---

പരാമർശം:- 1 10.05.2013-ലെ 42/2013/ധന നം. സർക്കുലർ.

2 28.11.2013 -ലെ സ.ഉ.(പി) നം. 580/2013/ധന.

3 24.11.2016-ലെ സ.ഉ(സാധാ) നം.3186/2016/തസ്വഭവ.

4 28.07.2018-ലെ 4946/2018/തസ്വഭവ.

5 09/06/2019-ലെ 1171/2019/തസ്വഭവ.

6 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 3/2/2020-ലെ 10959/ഇ1/2016/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ഹേമലത.സി.കെ-യെ കുടുംബശ്രീ മലപ്പുറം ജില്ലാ മിഷൻ ഓഫീസിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(5) ലെ ഉത്തരവ് പ്രകാരം ടി അന്യത്രസേവന നിയമനം 24.11.2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 24.11.2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 25.11.2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ സെക്ഷൻ ഓഫീസർ ആയ ശ്രീമതി.ഹേമലത.സി.കെ.-യുടെ കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾസ് ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം(1) സർക്കുലറിലെയും പരാമർശം(2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 25.11.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,, തിരുവനന്തപുരം

ശ്രീമതി. ഹേമലത.സി.കെ (പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ് മുഖേന)

പൊതുഭരണ(സർവ്വീസസ്-ഇ )വകുപ്പ്(എസ്.സി4/11/2019/പൊ.ഭ.വ. പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ